(ഡി) എൽ. പി. സ്കൂളുകളിൽ 5-ാം ക്ളാസിൽ നിയമിതരായ ബി. എഡ്. അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകുന്നതിന് തടസമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നിയമന അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 740 സ്കൂളുകൾ ഉണ്ട്.

(ബി) 1. എസ്.എസ്.എൽ.സി-യോ തത്തുല്യ യോഗ്യതയോ.

2. റ്റി. റ്റി. സി.

(സി) ഉണ്ട്.

(ഡി ആന്റ് ഇ) എൽ. പി. സ്കൂളുകളിൽ പ്രവർത്തിക്കുന്ന 5-ാം ക്ളാസ് എൽ. പി. സെക്ഷന്റെ ഭാഗമായതിനാൽ ബി.എഡ് അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകുന്നതിന് തടസ്സമുണ്ട്.

അദ്ധ്യാപകരുടെ സ്ഥലംമാറ്റം പഠനത്തെ ബാധിക്കാതിരിക്കാൻ നടപടി

89 [2979] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യയന വർഷം ആരംഭിച്ച ശേഷം അദ്ധ്യാപകർക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിനെത്തുടർന്ന് മിക്ക സ്കൂളുകളിലും അദ്ധ്യയനം നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥലം മാറ്റം അനുവദിക്കുമ്പോൾ റിലീവ് ചെയ്യപ്പെടുന്ന സ്കൂളിൽ പകരം ആളെ നിയമിച്ചെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം ഉത്തരവ് നടപ്പാക്കണമെന്ന് നിഷ്ക്കർഷിക്കുമോ;

(സി) അദ്ധ്യാപക സ്ഥലം മാറ്റം അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് പ്രായോഗികമാണെന്ന് കരുതുന്നില്ല.

(സി) ഓരോ അദ്ധ്യയന വർഷത്തിലേയും തസ്തിക നിർണ്ണയം കഴിഞ്ഞാൽ മാത്രമേ അതാത് സ്കൂളുകളിൽ എത്ര വേക്കൻസികൾ നിലവിലുണ്ട് എന്ന് കൃത്യമായി അറിയുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഇക്കാര്യത്തിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly